(ബി) ഇതിൽ പദ്ധതി നിർവ്വഹണത്തിനുവേണ്ടി വിവിധ വകുപ്പുകൾക്ക് സർക്കാർ അനുവദിച്ച തുകയും അതിൽ ചെലവഴിച്ച തുകയും എത്രയാണ്;

(സി) കഴിഞ്ഞ സാമ്പത്തിക വർഷം ആസൂത്രണ കമ്മീഷന്റെ അംഗീകാരത്തോടെയോ അല്ലാതെയോ സർക്കാർ പദ്ധതി തുകയിൽ കുറവ് വരുത്തിയിട്ടുണ്ടോ ; വിശദാംശങ്ങൾ ലഭ്യമാക്കാമോ ;

(ഡി) കഴിഞ്ഞ സാമ്പത്തിക വർഷം പദ്ധതി നിർവ്വഹണം പൂർത്തിയാക്കാത്തതിന്റെ കാരണങ്ങൾ പറയാമോ ?

<u>ഉത്തരം</u>

(എ) 2014-15 വാർഷിക പദ്ധതി അടങ്കൽ 20,000 കോടി രൂപ ആയിരുന്നു.

(ബി) വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) ഇല്ല.

(ഡി) കഴിഞ്ഞ സാമ്പത്തികവർഷവും പദ്ധതി നിർവ്വഹണം മുൻ വർഷങ്ങളിലെപോലെ പൂർത്തീകരിച്ചിരുന്നു. നടപടിക്രമങ്ങളിൽ കാലതാമസമുണ്ടാകുന്ന പദ്ധതികൾക്കുള്ള തുക ട്രഷറി അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്യുന്നതിനുപകരം അടുത്ത സാമ്പത്തിക വർഷത്തിൽ ചെലവഴിക്കാവുന്നതരത്തിൽ ഇ.എൽ.എ. അക്കൗണ്ടിൽ മാറ്റാൻ അനുവദിച്ചതുകൊണ്ടാണ് ചെലവഴിച്ച തുക 73.92% ആയി കുറഞ്ഞത്.

## റവന്യൂ ചെലവുകൾക്കുള്ള ബ്ലോക്ക് പഞ്ചായത്ത് ഗ്രാന്റ്

**46 (1414)** <u>ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2013-14-ൽ പദ്ധതി-പദ്ധതിയേതര ഇനങ്ങളിൽ റവന്യൂ ചെലവുകൾക്കുള്ള ബ്ലോക്ക് പഞ്ചായത്ത് ഗ്രാന്റ് എത്രയായിരുന്നു ; വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത ഗ്രാന്റിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയ തുക എത്രയെന്ന് അറിയിക്കാമോ ; ഇതിൽ പ്രസ്തുത സ്ഥാപനങ്ങൾ ചെലവഴിച്ച തുകയുടെ വിശദാംശം ലഭ്യമാക്കാമോ ;

(സി) 2014-15-ൽ ഇതിനായി എത്ര തുകയാണ് നീക്കിവച്ചതെന്നും ഇതുവരെ എത്ര തുക ചെലവഴിച്ചുവെന്നും അറിയിക്കുമോ ?

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) നാലാം സംസ്ഥാന ധനകാര്യ കമ്മീഷന്റെ ശുപാർശകൾ പ്രകാരം 2013-14 സാമ്പത്തിക വർഷം പദ്ധതി പദ്ധതിയേതര റവന്യൂ ചെലവുകൾക്കായി ബ്ലോക്ക് പഞ്ചായത്തുകൾക്ക് 617,54,24,000 രൂപ ബജറ്റിൽ വകയിരുത്തിയിരുന്നു.

(ബി)

(തുക ലക്ഷത്തിൽ)

| | കൈമാറിയ തുക | മുൻബാക്കി | ആകെ | ചെലവ് |
|---|---|---|---|---|
| പദ്ധതിയിനം വികസന ഫണ്ട് | 53157.8 | 7399.9 | 60557.7 | 55258.8 |
| പദ്ധതിയേതര മെയിന്റനൻസ് ഫണ്ട് | 4893.84 | 2064.2 | 6958.04 | 6033.8 |

(സി)

(തുക ലക്ഷത്തിൽ)

| | നീക്കിവച്ച തുക | ചെലവഴിച്ച തുക |
|---|---|---|
| പദ്ധതി ഇനം | 67716.31 | 56738.54 |
| പദ്ധതിയേതരം | 7289.9 | 5128.04 |

## പബ്ലിക് പോളിസി റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്

**47 (1415)** ശ്രീ. ജെയിംസ് മാത്യു : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

പബ്ളിക് പോളിസി റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കാൻ തീരുമാനിച്ചിട്ടുണ്ടോ ; എങ്കിൽ ആയതിന്റെ ഘടനയും പ്രവർത്തനവും വിശദമാക്കാമോ ; ഇതിനകം സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ ?